# MARIAN

The Official Monthly Bulletin.August-2011



**"This is my beloved Son, whom I love; with him I am well pleased."** (Matthew 3:17)


St.Mary's Indian Orthodox Cathedral
P.O Box : 834, Manama, Tel : 17252980 Fax : 17276092
Email : stmarys@stmarybahrain.com Website :www.stmarybahrain.com
Kingdom of Bahrain

# Favours Received ...



Well Wisher



Lino Elezabeth Mohan



Mathews & Jolly
Nishi , Nitin



Stella Babu



Mathew K. M & Gibi Mariam Mathew
Aksa Elsa Mathew, Aksel Sam Mathew



Aida Mary Vinod
Aksa Mary Vinod



Monthly News Bulletin
St. Mary's Indian Orthodox Cathedral
Kingdom Of Bahrain
August - 2011


## Editorial Board

**Chief Editor**
Siju John
**Editors**
Joji George Mathew
Dipin Mathew
Jobin Yohannankutty




### *എഡിറ്റോറിയൽ*

പരി .സഭയുടെ പ്രധാന പെരുന്നാളുകളാണ് നമ്മൾ ആചരിക്കുന്ന കൂടാരപ്പെരുന്നാളും, പരി.ദൈവമാതാവിന്റെ വാങ്ങിപ്പുപ്പെരുന്നാളും. താബോർ മലയിൽ തേജസ്സീകരണത്തിലുടെ ക്രിസ്തു തന്റെ മഹത്വം വെളിപ്പെടുത്തിയതാണല്ലോ കൂടാരപ്പെരുന്നാളിന്റെ അടിസ്ഥാന സംഭവും ചിന്തയും. തന്റെ തേജസ്സ്കരണത്തിലുടെ തേജസ്ക്കരിക്കപ്പെടേണ്ട ആവശ്യകതയും അതിനുള്ള സാധ്യതയും തുറന്നുകാട്ടുകയാണ് ക്രിസ്തു ചെയ്തത്. വെളിച്ചത്തിലേക്കുള്ള വളർച്ചയാണല്ലോ മനുഷ്യകുലത്തേക്കുറിച്ചുള്ള ദൈവത്തിന്റെ ആത്യന്തികമായ പ്രതീക്ഷ, ഈ പ്രതീക്ഷക്ക് ഒത്തുള്ള വളർച്ചയാണ് പരി.ദൈവമാതാവിന്റെ ജീവിതത്തിൽ നമുക്ക് കാണുവാൻ കഴിയുന്നത്. പരി.ദൈവമാതാവിന്റെവാങ്ങിപ്പുപ്പെരുന്നാളിനോട്അനുബന്ധിച്ചുള്ള ഈ നോമ്പ് കാലത്തിൽ നമ്മുടെ ആരാധനയുടേയും, നോമ്പിന്റെയും, നമസ്കാരത്തിന്റെയും നിമിഷങ്ങൾ ഇപ്രകാരമുള്ള ദൈവതേജസ്സാൽ വലയം പ്രാപിച്ച്, ജീവിതത്തിൽ പുതുക്കം പ്രാപിക്കുവാൻ ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ....

എഡിറ്റോറിയൽ ബോർഡിനുവേണ്ടി
സിജു ജോൺ
(ചീഫ് എഡിറ്റർ)



## St. Thomas the Apostle of India (Part 2)

**Local Tradition:**

Apostle Thomas landed in Cranganoor (Kodungallur, Muziris) and took part in the wedding of CheramanPerumal and proceeded to the courts of Gondophorus in North India. The most favored trade from Yemeni boarder to India was to Kerala. From A.D. 45 onwards, the merchant route from Kerala went directly to Yemeni Ports and then proceeded to Palestine.

In almost complete support to the book there is a time honored tradition in Malabar which is handed down to us from generation to generation in the form of the songs of the Nazranis as Margom Kali. The other tradition comes from Veeradianpattu which is performed by a Hindu Caste on Christian festivals and is their heritage. Another written document is the Thomma Parvam written by Thomas Ramban in 1601 for use in the Niranam church. This Thomas Ramban is a descendant of one of the first Brahmin convert to Christianity christened as Ramban Thomas during St. Thomas' visit. The story is handed down through generations until it was written down in 1601.

**Missionary Activities:**

According to ThommaParvom the visit of St. Thomas in Kerala lasted only eight days in the first instant. During this period the main converts were Jews who were settled in Malabar. (There was a large Jewish community in Cochin at that time) . During his second visit over three thousand became Christians. The first convert was a Brahmin from Maliyakal who became Thomas Maliyakal the Ramban. Among them were 75 Brahmin families along with Jews, Kshatriyas, Nairs and Chettiars. One Jewish prince by name Kepha (Peter) was later ordained as bishop when St. Thomas left for the rest of Kerala and India. The seven original churches established by St. Thomas were located at Malayankara (Malayattur), Palayur (near Chavakkad), Koovakayal (near North Paravur), Kokkamangalam (South Pallipuram), Kollam, Niranam and Nilackel (Chayal). Each local parish was self-administered by a group of presbyters and presided over by the elder priest or Episcopa (Bishop). It is also a tradition that he frequently visited Malayattoor hills for prayer. Later, he moved on to the east coast of India and later traveled all through the land of India and China.

After leaving Taxila St. Thomas evangelized various parts of India. He finally arrived in Madras, where he was killed by a tribal chief. His tomb can still be seen in Mylapore.

**Malankara Syrian Christians:**

Malankara Syrian Christians traces their heritage from the Apostle Thomas. Today they belong to various denominations due to the splits occurred in the church owing to foreign influences and other reasons over the centuries.

**The Songs of Thomas:**

The Songs of Thomas is handed down through generations and written down in 1601. By tradition these songs were written by Thomas Ramban the first Brahmin convert to Christianity.

The song tells that Prince Peter or Kepha of Muziris who was one of the Apostle's first converts visited St. Thomas in the Pandya Kingdom (Tamil Nadu) and requested him to return to Malabar. The request was granted and the Apostle accompanied Prince Kepha to Kerala, where headed by the other members of the Cranganore royal family three thousand non-Christians received the faith and were baptized in the course of eighteen months. Among these converts there were forty members of the Jewish community including Rabbi Paul of the Cranganore Synagogue where the Apostle used to visit every Saturday to read and explain the Old Testament for the Jewish congregation. Though Rabbi Paul received baptism and became a Christian, a good number of the Cranganore Jewish community continued to stick fast to Judaism which is their ancestral religion and gave the Christians the name "Nazaranis ", meaning followers of the man from Nazareth i.e.; Jesus Christ.

**Kodungallor Evangelization:**

Besides Jews, Brahmins, Kshatriyas, Nairs, and Chettiars were among the earliest converts to Christianity. The first Brahmin convert was a young member of a Niranam Brahmin family (Maliakal) that had settled down in Cranganore engaged in some business. His father, who did not like the young man's conversion, decided to cast him away from the family. The Apostle asked him to live with him. The young man, who had received the Apostle's name in baptism agreed to live with him and came to be known as Thomas Maliyakal. Subsequently he was raised to priest hood, and after sometime was given the title of Ramban. A Jewish Synagogue as well as a Hindu temple at Cranganore were transformed into Christian churches. Accompanied by Prince Kepha, who was consecrated Bishop of Cranganore and Malabar, St. Thomas left Cranganore to preach the Gospel elsewhere.

**Kollam Evangelization:**

Quilon (Kollam) was the next scene of the labors of the Apostle. The majority of the people of Quilon belonged to the Chettiar caste, a well recognized trading caste of the time. A good number of them accepted the Gospel attracted by the preaching of the Apostle and the miracles performed by him. Many inhabitants of Quilon hated the new religion and migrated from Quilon to Vanjinad to keep themselves away from the influence of the new religion; after erecting a cross for the worship of the converts who numbered about one thousand and four hundred, the Apostle left Quilon.

(Will continue in the next issue)

NB : *Pictures of 'Gondephores Coins' are displayed in backcover.*

# കൂടാരം



*" പത്രോസ് യേശുവിനോട് റബി നാം ഇവിടെ ഇരിക്കുന്നത് നല്ലത്. ഞങ്ങൾ മൂന്ന് കൂടാരങ്ങൾ ഉണ്ടാക്കട്ടെ. ഒന്ന് നിനക്കും ഒന്ന് മോശക്കും ഒന്ന് ഏലിയാവിനും എന്നു പറഞ്ഞു" വി. മാർക്കോസ്സ് (9:6)*

കൂടാരങ്ങൾ സുരക്ഷിതത്വത്തിന്റെ , സന്തോഷത്തിന്റെ കേന്ദ്രമാണ്. പത്രോസിന് ഈ കൂടാരങ്ങൾ ദൈവസാന്നിധ്യത്തിന്റെ ബോധ്യമാണ്, ക്രിസ്തുവിനോടൊപ്പം ചിലവഴിക്കുന്നതിനുള്ള ആഗ്രഹം. ഞങ്ങൾ നിനക്ക് കൂടാരമുണ്ടാക്കട്ടയോ എന്ന ചോദ്യം ചോദിച്ചപ്പൊഴെ ശിഷ്യരുടെ ഹൃദയങ്ങളിൽ ക്രിസ്തു കൂട് കൂട്ടുന്നു. ആ സുരക്ഷിതത്വത്തിൽ കഴിയുന്നതിന് ആഗ്രഹിച്ച് കൊണ്ട് അവർ ചോദിക്കുന്നു നിനക്കു കൂടാരം ഞങ്ങൾ നിർമ്മിക്കട്ടെ....

യഹൂദർക്ക് കൂടാരം അടിമത്വത്തിൽ നിന്നും സ്വാതന്ത്രത്തിലേക്കുള്ള ഒരു ഓർമ്മയാണ്. അത് കൊണ്ട് ഇന്നും അവർ കൂടാരപ്പെരുന്നാളിൽ ദിവസങ്ങളോളം അവർ നിർമ്മിക്കുന്ന കൂടാരങ്ങൾക്കുള്ളിൽ ഉണ്ടും ഉറങ്ങിയും പ്രാർത്ഥിച്ചും സന്തോഷത്തോടെ കഴിയുന്നത്. അത് അവരുടെ സംരക്ഷണയുടെ ദൈവ കരുതലിന്റെ ദൈവ നടത്തിപ്പിന്റെ സുഗന്ധം പേറുന്ന നിമി ഷങ്ങളാണ്.

**മനുഷ്യൻ സ്വന്തം കൂടുകൾ നിർമ്മിക്കാൻ പെടാപാട് പെടുകയാണിവിടെ..**

നാമും കൂടാരങ്ങൾ ഏറെ നിർമ്മിക്കുന്നുണ്ട് കൂടാരങ്ങൾ കൊട്ടാരങ്ങൾക്ക് വഴിമാറി.... ഒരു മനുഷ്യന്റെ ജീവിതത്തിലെ പ്രാധാന്യമുള്ള ആഗ്രഹമാണ് സ്വന്തമായി ഒരു കൂടാരം, അതിനെ വീട് എന്ന് വിളിച്ചോളൂ.. ഓരോ വീടിന്റെ ചുമരുകൾക്കും അവരുടെ അദ്ധ്വാനത്തിന്റെ കഷ്ടപ്പാടുകളുടെ വിയർപ്പിന്റെ നനവുണ്ട്.

**കൂടാരങ്ങളിൽ ക്രിസ്തുവുണ്ടോ എന്നതാണ് ചോദ്യം...**

നാം നിർമ്മിച്ച, നിർമ്മിക്കുന്ന കൂടാരങ്ങളിൽ ക്രിസ്തുവുണ്ടാവുക എന്നതാണ് പ്രധാനം. താമസസ്ഥലങ്ങളുടെ വലുപ്പത്തിലല്ലല്ലോ കാര്യം. ഒരു ചൊല്ല് ഇങ്ങനെയാണ്, കൊട്ടാരമാണെങ്കിലും അതിന്റെ ചുമരുകൾക്കുള്ളിൽ സന്തോഷവും സംതൃപ്തിയും ഇല്ലെങ്കിൽ അത് ചെറ്റപ്പുരയെക്കാൾ കഷ്ടം.... എന്നാൽ ചെറിയ കുടിലാണെങ്കിലും സന്തോഷവും സമാധാനവും സംതൃപ്തിയും ഉണ്ടെങ്കിൽ അത് ഏറെ മോടിയിലായ കൊട്ടാരത്തെക്കാൾ സുന്ദരം......

കൂടാരങ്ങൾ ക്രിസ്തുവിന് വേണ്ടിയുള്ളതാകണം എന്നത് കൂടാരപ്പെരുന്നാളിന്റെ മറുരൂപപെരുന്നാളിന്റെ ചിന്ത... ശിഷ്യൻമ്മാർ ആഗ്രഹിച്ചതു പോലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ ചേർന്നിരിക്കാൻ ഒരിടം നമുക്കും ചോദിക്കാം.

ഞങ്ങൾ നിനക്കുവേണ്ടിയൊരു കൂടാരം നിർമ്മിക്കട്ടെ.....

**ഫാ. മാത്യു തോമസ് കൊടുമൺ**



പ്രിയ സ്നേഹിതരെ,

ഇടവകയെ സംബന്ധിച്ചടത്തോളം വളരെ പ്രധാനപ്പെട്ട സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ കഴിഞ്ഞ മാസമായിരുന്നു ജൂലായ് മാസം. OVBS ന്റെ ഫിനാലെ വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു. അതിനു നേതൃത്വം നൽകിയ മാത്യു തോമസ്സ് അച്ചൻ, വികാരിയച്ചൻ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ സാജൻ വർഗ്ഗീസ്, സൂപ്രണ്ട് , ശ്രീ ജോർജ്ജ് വർഗ്ഗീസ്, OVBS അദ്ധ്യാപകർ, non- teaching staffs എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു.

സമ്മർ ക്യാംപ് ബഹു: മാത്യൂ തോമസ്സ് അച്ചന്റെ നേതൃത്വത്തിൽ ഭംഗിയായി പ്രവർത്തിച്ചുവരുന്നു. അതുപോലെ തന്നെ St. Pauls സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ 31-ാം തീയതി ഞായറാഴ്ച്ച അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ഒസ്ത്താത്തിയോസ് തിരുമേനിയെ ആദരിച്ചു. അന്നേ ദിവസം ഇടവക അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിക്കാൻ സാധിച്ചത് ഇടവകയെ സംബന്ധിച്ചടത്തോളം വലിയ ഒരു ഭാഗ്യമായി കരുതുന്നു. ബഹു. വികാരിയച്ചൻ, ഇടവകമാനേജിംഗ് കമ്മറ്റിയുടെ അഭ്യർത്ഥനമാനിച്ച് കൊണ്ട് ഇടവകട്രസ്റ്റി, കമ്മറ്റി അംഗങ്ങൾ, ഇടവകയുടെ മുൻ ട്രസ്റ്റിമാർ, സെക്രട്ടറിമാർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, മറ്റു ഇടവകാംഗങ്ങൾ ഒക്കയും പ്രസ്തുത ചടങ്ങിൽ സംബന്ധിച്ചു എന്നതും വളരെയധികം സന്തോഷം നൽകുന്ന കാര്യമായി മനേജിംഗ് കമ്മറ്റി കാണുന്നു

ബഹറിൻ ഗവൺമെന്റിന്റെ ക്ഷണപ്രകാരം ജൂലായ് 25-ാം തീയതി വിദേശരാജ്യപ്രതിനിധികളെ ഉൾക്കൊള്ളിച്ച് കൊണ്ട് നടത്തിയ National Dialogue- ൽ ഇടവകയെ പ്രതിനിധാനം ചെയ്യ്തുകൊണ്ട് പങ്കെടുക്കുന്നതിനും, വിദേശികൾ അഭിമുഖീകരിക്കുന്ന മറ്റ് പ്രശ്നങ്ങൾ ഉന്നയിക്കുവാനും സാധിച്ചു. അതുപോലെ തന്നെ ബഹറിൻ രാജാവിന്റെ മകൻ Shaik Khalid Bin Hamad Al Khaleefa യുടെ വിവാഹചടങ്ങിലേക്കും നമുക്ക് ക്ഷണം ലഭിക്കുകയും, ചടങ്ങിൽ ഇടവകയെ പ്രതിനിധാനം ചെയ്യാൻ സാധിച്ചു എന്നതും പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

പള്ളിയോട് ചേർന്നുള്ള സ്ഥലം പള്ളിയുടെ പേരിൽ എഴുതി കിട്ടുന്നതിനായി ഏവരും നിത്യേനയുള്ള പ്രാർത്ഥനയിൽ പ്രത്യേകം ഓർത്ത് പ്രാത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഗസ്റ്റ് മാസം 1 മുതൽ 15 വരെ 15 ാം നോമ്പ് ആചരിക്കുന്നു. ജൂലായ് 31ന് വി. കുർബ്ബാനയോടുകൂടി ആരംഭിച്ച് ആഗസ്റ്റ് 14 -ാം തീയതി വി. കുർബ്ബാന, റാസ, നേർച്ച എന്നിവയോടുകൂടി അവസാനിക്കും. ആഗസ്റ്റ് മാസം 6, 13,ശനിയാഴ്ച്ചകളിൽ രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെ ഇടവകയുടെ സ്ത്രീ സമാജത്തിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾക്കായി പ്രത്യേക ധ്യാനം നടത്തുന്നു. കൂടാതെ ആഗസ്റ്റ് 12, 13 തീയതി കളിൽ വൈകിട്ട് സന്ധ്യാനമസ്കാരവും തുടർന്ന് ധ്യാന പ്രസംഗവും ഉണ്ടായിരിക്കും

ആഗസ്റ്റ് 6 -ാം തീയതി ശനിയാഴ്ച്ചവൈകുന്നേരം കൂടാരപ്പെരുന്നാളിന്റെ വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ആഗസ്റ്റ് മാസം 26 -ാം തീയതി നടക്കുന്ന സമ്മർ ക്യാമ്പിന്റെ സമാപനത്തിന് എല്ലാവരുടേയും സാന്നിധ്യ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന നമ്മുടെ ഇടവകാംഗങ്ങൾക്കും അവരുടെ അടുത്ത കുടുംബാഗങ്ങൽക്കുള്ള ചികിത്സക്കായി ഇടവക രൂപീകരിച്ച ഒരു പദ്ധതിയാണ് Members Wellfare Fund. വിശദവിവരങ്ങൾ ഈ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് ഈ പദ്ധതി പരമാവധി യഥാസമയം പ്രയോജനപ്പെടുത്താൻ തക്കവണ്ണം ഓരോ ഇടവകാംഗങ്ങളും ഇപ്രകാരം കഷ്ടത അനുഭവിക്കുന്ന ഏതെങ്കിലും സ്നേഹിതർ നിങ്ങളുടെ അറിവിലുണ്ടെങ്കിൽ ഈ മാസം 25 -ാം തീയതിക്കുമുൻപായി അപേക്ഷ ലഭിക്കതക്കവിധം പ്രായത്നിക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

സ്നേഹത്തോടെ

എബ്രഹാം ജോർജ്ജ്
(കത്തീഡ്രൽ സെക്രട്ടറി)

## *Summer Camp Finale*

Date : 26 August
Time : 6:00 pm
Venue : New Indian School Auditoriam
*Programmes with colourful events, All are Welcome.....*

# മെംബേഴ്സ് വെൽഫയർ ഫണ്ട്

സാമ്പത്തിക പരാധീനതമൂലം മാരകമായ രോഗങ്ങൾക്ക് ചികിത്സ ലഭിക്കുവാൻ വിഷമിക്കുന്നവർക്കും അതുപോലെയുള്ള മറ്റ് വിഷമതകൾ അനുഭവിക്കുന്നവരുമായ ബഹറിൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ അംഗങ്ങളേയും അവരുടെ കുടുംബാംഗങ്ങളേയും ലക്ഷ്യമിട്ട് 2008 ഡിസംബർ മാസം 19-ാം തീയതി മുതൽ നടപ്പാക്കിയിട്ടുള്ള "മെംബേഴ്സ് വെൽഫയർ ഫണ്ട് " എന്ന് പദ്ധതിയുടെ പൂർണ്ണമായ വിവരങ്ങൾ കത്തീഡ്രൽ ഓഫീസിൽ നിന്നും ലഭ്യമാണ്. എങ്കിലും അതിന്റെ പ്രസക്തഭാഗങ്ങൾ അംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

1,അപേക്ഷ സമർപ്പിക്കുന്ന അംഗം ബഹറിൻ സെന്റ് മേരീസ് കത്തീഡ്രലിലെ സ്ഥിരം അംഗത്വമുള്ള ആളായിരിക്കണം (സ്ഥിരാംഗത്വം ലഭിക്കുവാൻ അപേക്ഷാ ഫോറത്തിന്റെ കൂടെ നാട്ടിലെ മാതൃ ഇടവകയിൽ നിന്നും വികാരിയുടെ കത്ത് ലഭ്യമാക്കി കത്തീഡ്രൽ ഓഫീസിൽ എത്തിക്കേണ്ട താണ്.)

2,അപേക്ഷകൻ അപേക്ഷാതീയതി മുതൽ 12 മാസത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടാകുവാൻ പാടില്ല.ഒരു വർഷത്തിനുള്ളിൽ സ്ഥിരാംഗത്വമെടുത്ത അംഗമാണെങ്കിൽ 6 മാസത്തിൽ കൂടുതൽ കുടിശ്ശിഖ ഉണ്ടാകുവാൻ പാടില്ല. സ്ഥിരാംഗത്വമെടുത്ത തീയതി മുതൽ 3 മാസത്തിനു ശേഷമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കൂ

3, അംഗങ്ങൾ അവരുടെ ഭാര്യ/ ഭർത്താവ്/ മക്കൾ/ മാതാപിതാക്കൾ/ വിവാഹിതരല്ലാത്ത സഹോദരി സഹോദരങ്ങൾ എന്നിവർ ഈ സഹായം ലഭിക്കുവാൻ അർഹരായിരിക്കും.

4, ഒരു അംഗത്വത്തിൻ ഒരു പ്രാവശ്യം മാത്രമേ ഈ സഹായം ലഭിക്കുവാൻ അർഹതയുണ്ടാകു.

5, ധനസഹായം പരമാവധി ഒരു ലക്ഷം ഇന്ത്യൻ രൂപയോ തത്തുല്യമായ ബഹറിൻ ദിനാറോ ആയിരിക്കും .

6, രോഗം മൂലം തുടർചികിത്സക്കായി നാട്ടിൽ പോകുന്നതിനും മരണപ്പെടുന്ന ആളിന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും അവരവരുടെ സ്പോൺസറുടെ സഹായം ലഭിക്കാത്ത സാഹചര്യത്തിൽ ഈ സഹായം ലഭ്യമാക്കാവുന്നതാണ്

***താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം***

1, മെംബേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നും സഹായം ലഭ്യമാകാനുള്ള നിശ്ചിത ഫോറം (കത്തീഡ്രൽ ഓഫീസിൽ നിന്നും ലഭ്യമാണ്).
2. ശമ്പള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ബാങ്ക് സ്റ്റേറ്റ്മെന്റ്
3, മെഡിക്കൽ സർട്ടിഫിക്കറ്റും ചികിത്സിക്കുന്ന ഡോക്ടറുടെ ശുപാർശയും ചികിത്സാ രേഖകളും.
4, റേഷൻ കാർഡിന്റെ കോപ്പി (നാട്ടിലുള്ള കുടുംബാഗങ്ങൾക്ക് വേണ്ടിയാണെങ്കിൽ)
5, ചികിത്സക്ക് ചിലവാകുന്ന ഏകദേശം തുക
6, ഇടവക വികാരിയുടെ കത്ത് (നാട്ടിലുള്ള കുടുംബാഗങ്ങൾക്ക് വേണ്ടിയാണെങ്കിൽ)
7, മാനേജിംഗ് കമ്മിറ്റി ഏതെങ്കിലും മറ്റ് രേഖകൾ ആവശ്യപ്പെട്ടാൽ അതും ലഭ്യമാക്കേണ്ടതാണ്

***പ്രധാനമായും താഴെപ്പറയുന്ന രോഗങ്ങൾക്കാണ് ചികിത്സാ സഹായം ലഭിക്കുന്നത്.***

1, ക്യാൻസർ സംബന്ധമായ അസുഖങ്ങൾ
2, ഹൃദയ സംബന്ധമായ ചികിത്സകൾ
3, വൃക്കസംബന്ധമായ അസുഖങ്ങൾ
4, മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ
5, മറ്റ് മേജർ ശസ്ത്രക്രിയകൾ

# ഫാമിലി വെൽഫയർ ഫണ്ട്

നമ്മുടെ കത്തീഡ്രലിലെ സ്ഥിരാംഗത്തിന് മരണം സംഭവിച്ചാൽ (സ്ഥിരാഗത്വം ലഭിക്കുവാൻ അപേക്ഷാ ഫോറത്തിന്റെ കൂടെ നാട്ടിലെ മാതൃ ഇടവകയിൽ നിന്നും വികാരിയുടെ കത്ത് ലഭ്യമാക്കി കത്തീഡ്രൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.)

അവരുടെ കുടുംബാഗങ്ങളെ സാമ്പത്തികമായി സഹായിക്കുവാൻ തക്കവിധം ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ഫാമിലി വെൽഫയർ സ്കീം. ഇതിന്റെ പൂർണ്ണമായ വിവരങ്ങൾ കത്തീഡ്രലിന്റെ ഓഫീസിൽ നിന്നും ലഭ്യമാണ്. എങ്കിലും സ്കീമിന്റെ പ്രസക്തഭാഗങ്ങൾ നിങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു

1,ബഹറനിൽ ജോലിചെയ്യുവാൻ വിസയും റസിഡൻസ് പെർമിറ്റുമുള്ള ഏതംഗവും ഏത് രാജ്യത്തുവെച്ച് മരണപെട്ടാലും ഈ സഹായത്തിനർഹരാണ്.
2 ഈ പദ്ധതിയിലൂടെ ലഭിക്കാവുന്ന പരമാവധി സഹായതുക 1000 ബഹറിൻ ദിനാറോ അതിന് തുല്യമായ ഇന്ത്യൻ രൂപായോ ആയിരിക്കും.
3, ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിച്ച അംഗത്തിന് 12 മാസത്തിൽ കൂടുതൽ കുടിശ്ശിഖ ഉണ്ടാകുവാൻ പാടില്ല
4, അപേക്ഷ സമർപ്പിക്കേണ്ടത് വികാരിയുടെയും മാനേജിംഗ് കമ്മറ്റിയുടേയും പേരിലാണ്

***താഴെ പറയുന്ന രേഖകൾ അപേക്ഷയോടോപ്പം ഉണ്ടായിരിക്കണം***

1, മരണ സർട്ടിഫിക്കറ്റ് ( ബഹറിനിൽ വച്ചാണെങ്കിൽ പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റ്) നാട്ടിൽ വെച്ചാണെങ്കിൽ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് മാതൃ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.
2, ബഹറനിൽ ജോലിചെയ്യുന്നു എന്ന് തെളിയിക്കാനായി റസിഡൻസ് പെർമിറ്റ് രേഖപ്പെടുത്തിയിട്ടുള്ള പാസ്പോർട്ട് കോപ്പി
3, ബഹറനിൽ വച്ച് മരണം സംഭവിക്കുകയാണെങ്കിൽ എംബസി ക്യാൻസൽ ചെയ്ത പാസ്പ്പോർട്ട് കോപ്പി
4, മാനേജിംഗ് കമ്മിറ്റി ഏതെങ്കിലും മറ്റ് രേഖകൾ ആവശ്യപ്പെട്ടാൽ അതും ലഭ്യമാക്കണം
5, മരണം സംഭവിച്ച് 90 ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണ്ടതാണ്. അല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അഥവാ സ്വീകരിക്കപ്പെടേണ്ടതാണെങ്കിൽ മാനേജിംഗ് കമ്മറ്റിയെ തക്കതായ കാരണങ്ങൾ ബോധ്യപ്പെടുത്തേണ്ടതാണ്.

ആഗസ്റ്റ് മാസം 15-ാം തീയതി മർത്തമറിയം സമാജം വനിതാദിനമായി ആചരിക്കുന്നു അതിനോട് അനുബന്ധിച്ച് 25-ാം തീയതി വൈകുന്നേരം 7:45 മുതൽ 9:00 മണി വരെ ഇടവകജനങ്ങൾക്കായി പ്രസംഗ മത്സരം നടത്തപ്പെടുന്നു.

വിഷയം:. **ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിൽ വി. ദൈവമാതാവിനുള്ള സ്ഥാനം.**

പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ സമാജം സെക്രട്ടറിയുടെ കൈവശം പേരു ചേർക്കുകയോ ഓഫീസിൽ പേരുനൽകുകയോ ചെയ്യണം

## ചരമം

Muharaq Area ൽ താമസിക്കുന്ന Mr. Mathew V Abraham ന്റെ മാതാവ് മറിയക്കുട്ടി എബ്രഹാം(74) കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം ചാത്തന്നൂർ St. George Church ൽ വെച്ച് നടത്തപ്പെട്ടു.

Um Al Hassan Area യിൽ താമസിക്കുന്ന Mr. Reji Mathew വിന്റെ മാതാവ് മേരിക്കുട്ടി (65) വയസ്സ് കർത്താവിൽ നിദ്രപ്രാപിച്ചു ശവസംസ്കാരം നിരണം St. Mary's വലിയ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു

Manama area യിൽ താമസിക്കുന്ന Mr. Varghese M Chacko യുടേയും Mr. Mathew M Chacko യുടേയും മാതാവ് Chinnamma Chacko (87) വയസ്സ് കർത്താവിൽ നിദ്രപ്രാപിച്ചു ശവസംസ്കാരം Ranni St. Thomas Cathedral ൽ വെച്ച് നടത്തപ്പെട്ടു

Riffa area യിൽ താമസിക്കുന്ന Mr. Kunjumon K Moncy യുടെ മാതാവ് Kunjujamma. (74)വയസ്സ് മേപ്പുറത്ത് വീട്, പ്രക്കാനം കർത്താവിൽ നിദ്രപ്രാപിച്ചു, ശവ സംസ്കാരം St. mary's Orthodox Charch ൽ വെച്ച് നടത്തപ്പെട്ടു.

Gudaibiya area യിൽ താമസിക്കുന്ന Mr. Aju Philip ന്റെ ഭാര്യാമാതാവ് ഇടപ്പള്ളി ജോളി വില്ലയിൽ മോളി ജോൺ (62)വയസ്സ് കർത്താവിൽ നിദ്രപ്രാപിച്ചു ശവസംസ് കാരം മുളക്കുഴ മർത്തോമ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

Manama area യിൽ താമസിക്കുന്ന Mr. Varghese Ideculla യുടെ സഹോദരി ശോശാമ്മ അലക്സ് (68)വയസ്സ് കർത്താവിൽ നിദ്രപ്രാപിച്ചു. .

Gudaibiya area യിൽ താമസിക്കുന്ന Mr. Iype eapen ന്റെ മാതാവ് മീനടം വലിയപാടത്ത് ശോശാമ്മ(85) കർത്താവിൽ നിദ്രപ്രാപിച്ചു

ഇടവകയുടെ അനുശോചനം അറിയിക്കുന്നു.




# MARIAN KIDS



## CROSSWORD (The Twenty Third Psalm)



***DOWN***

6 The Lord is my ______
8 I will ___ no evil
10 Through the valley of _____ of death
13 You _____ my head with oil
14 Your rod and your staff, they _____ me

***ACROSS***

1 Surely _____ and mercy will follow me
2 I will dwell in the house of the Lord _______
3 He makes me lie down in green ______
4 My ______ overflows
5 He guides me in the paths of _______
7 A table before me in the presence of my ______
9 He leads me besides quiet _______
11 I shall not be in ______
12 He restores my______

*Dear Sunday School Students,*
*Kindly send in your crossword answers to marian@stmarybahrain.com*
*Names of those with the correct answers will be published in the upcoming Marian issues.*

### *Answers to Crossword (JULY)*

| ***ACROSS*** | ***DOWN*** |
|---|---|
| 1 MATTHEW | 2 EPHESIANS |
| 5 PETER | 3 PHILIPPIANS |
| 9 MARK | 4 COLOSSIANS |
| 10 JAMES | 6 ROMANS |
| 12 THESSALONIANS | 7 CORINTHIANS |
| 14 JOHN | 8 REVELATION |
| 15 JUDE | 11 ACTS |
| 16 JOHN | 13 LUKE |

### *Correct Answers to Crossword (July) mailed by*

Annitta Susan Kurien, Tania Susan Shaji,
Delvin Daniel Saju, Essy Shiju,
Andrew Baby Alex, Justina Mariam,
Mervin Abey, Crony Thomas Mathew

15 നോമ്പ് ജൂലായ് 31-ാം തീയതി ഞായറാഴ്ച്ച ആരംഭിച്ച് ആഗസ്റ്റ് 14-ാം തീയതി ഞായർ വി. കുർബ്ബാന, റാസ നേർച്ച എന്നിവയോടുകൂടി അവസാനിക്കുന്നു. 6-ാംതീയതി ശനിയാഴ്ച്ചയും, 13 -ാം തീയതി ശനിയാഴ്ച്ചയും രാവിലെ 9 മണി മുതൽ 12 മണി വരെയുള്ള സമയത്ത് സ്ത്രിസമാജത്തിന്റെ ആഭിമുഖ്യത്തിൽ ധ്യാനം നടത്തുന്നു. നോമ്പിനോട് അനുബന്ധിച്ച് 12. 13(വെള്ളി, ശനി) തീയതികളിൽ സന്ധ്യനമസ്കാരത്തിനുശേഷം ധ്യാനപ്രസംഗം ഉണ്ടായിരിക്കുന്നതാണ്.

6-ാം തീയതി ശനിയാഴ്ച്ച കൂടാരപ്പെരുന്നാൾദിവസം വൈകിട്ട് വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്

## Prayer Meetings

| Date | Time | Area | Venue |
|---|---|---|---|
| 05/ 08/ 2011 | 6:00pm | Charch South | Robby Punnen<br>Flat# 415, Bldg # 419<br>Block 311, Sh. Mohammed Bldg<br>Tel. : 39856186 |
| 05/ 08/ 2011 | 7:30pm | Church North | Saji T Samuvel<br>Flat# 12, Bldg # 333<br>(Above Famous Photocopy)<br>Lulu Road, Tel. : 39956534 |
| 19/ 08/ 2011 | 4:30pm | Suggaya / Zinj | Babu Mathai<br>Flat# 1,Bldg : 1244, Road 2833,<br>Tel. : 39898675 |
| 19/ 08/ 2011 | 6:00pm | Adilya<br>Um Al Hassam | Shaji K George<br>Flat: 26, Bldg : 644, Road : 3517<br>(Near Asian School)<br>Tel : 13625694 |
| 19/ 08/ 2011 | 7:30pm | Muharraq | Varghese M. E<br>Flat# 21 , Bldg: 704 Road 1513,<br>Block 215<br>Tel. : 39926599 |
| 23/ 08/ 2011 | 7:30pm | Riffa Sitra | Jose Varghese<br>Flat# 12, Bldg # 401, Road -117<br>Block 901 East Riffa<br>Tel. : 33499929, 39858481 |
| To be Announced | | Salmaniya | Santhosh Daniel<br>Flat# 1, Bidg-313<br>Road: 2905, Block: 329<br>Tel. : 36344620 |

# സെന്റ് പോൾസ് സുവിശേഷ സംഘം രജതജൂബിലി ആഘോഷം

സെന്റ്പോൾസ് സുവിശേഷ സംഘത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂലായ് 31 ഞായറാഴ്ച്ച മാവേലിക്കര സ്ന്റ്പോൾസ് സുവിശേഷാലയത്തിൽവെച്ച് സഭാരത്നവും സീനിയർ മെത്രാപൊലീത്തയുമായ അഭി. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ ആദരിക്കുകയുണ്ടായി. രാവിലെ അഭി. തിരുമനസിന്റെ നേതൃത്വത്തിൽ വികാരി ജേക്കബ് കോശിയച്ചൻ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് വികാരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം മാവേലിക്കര സെന്റ്പോൾസ് സുവിശേഷാലയം മാനേജർ റവ. ഫാദർ ജേക്കബ് മാത്യു ഉത്ഘാടനം ചെയ്തു. കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. മുൻ വികാരി റവ. ഫാദർ ജോസഫ് മങ്കിടിയിൽ (1979-81) , കത്തീഡ്രൽ ട്രസ്റ്റി ശ്രീ. സി. കെ. തോമസ്, ശ്രീമാൻമാർ എം. ഇ ഈശോ, മാത്യു സാമുവൽ, വി. വി.മാത്യു (മുൻ ഇടവകാംഗങ്ങൾ), എ. പി. മാത്യു, ശ്രീമതി ഡേയ്സി ജേക്കബ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയുണ്ടായി. അഭി. തിരുമേനിയോടുള്ള ആദരകസൂചകമായി കത്തീഡ്രലിനു വേണ്ടി പൊന്നാട അണിയിക്കുകയും, സുവിശേഷ സംഘത്തിനുവേണ്ടി വികാരി ജേക്കബ് കോശിയച്ചൻ ഭക്തിപ്രഖ്യാപന പത്രം വായിച്ച് സമർപ്പിക്കുകയും സന്തോഷകസൂചകമായി ഉചിതമായ കൈമുത്ത് തൃക്കയ്യിൽ ഏൽപ്പിക്കുകയും ചെയ്തു. അഭി. തിരുമനസ് ഹൃദയസ്പർശിയായ വാക്കുകളിലൂടെ നന്ദി രേഘപ്പെടുത്തുകയും ബഹറിൻ ഇടവകയിലെ എല്ലാ ആത്മിയ മക്കൾക്കും പ്രത്യേകിച്ച് സെന്റ്പോൾസ് സുവിശേഷ സംഘത്തിനും മേൽക്കുമേൽ അനുഗ്രഹങ്ങൾ ഉണ്ടാക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

ഇവിടെ നിന്നും നാട്ടിൽ സ്ഥിരതാമസമാക്കിയവരും അവധി പ്രമാണിച്ച് നാട്ടിൽ എത്തിയവരുമായ മുന്നൂറോളം അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു നാട്ടിൽ സ്ഥിരതാമസമാക്കിയ മുൻ അംഗങ്ങൾ സ്വയം പരിചയപെടുത്തിക്കൊണ്ട് സംസാരിച്ചത് ഏവർക്കും പ്രജോദനകരമായിരുന്നു. സെന്റ്പോൾസ് സുവിശേഷ സംഘത്തിന്റെ കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ Video Visual ആയി പ്രദർശിപ്പിച്ചത് പ്രശംസനീയമായിരുന്നു. അഭി. തിരുമനസ് രചിച്ച ഭക്തി ഗാനങ്ങൾ കത്തീഡ്രൽ ക്വയർ അവതരിപ്പിക്കയുണ്ടായി യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു. രജത ജൂബിലി കമ്മറ്റി കൺവീനർ ശ്രീ ജോസ് പീറ്റർ സ്വാഗതവും സെക്രട്ടറി ശ്രീ പി. സി. പെരുമാൾ കൃതഞ്ജതയും രേഖപ്പെടുത്തി




സെന്റ്പോൾസ് സുവിസേഷസംഘം ബഹറിൻ യൂണിറ്റിന്റെ രജത
ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി
ജൂലായ് 31-ം തീയതി
മാവേലിക്കര സെന്റ്പോൾസ് സുവിശേഷാലയ
അങ്കണത്തിൽവെച്ച് മലങ്കര സഭാരത്നം
അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ
ഇടവക ആദരിച്ചപ്പോൾ

# Coins of King Gondophares



*(Coins of King Gondophares)*



*(Coins of King Gondophares)*



*(Coin of Gondophares in the British Museum)*



*(Profile of King Gondophares wearing a Headband, earrings, a necklace, and a Cross-over jacket with round decorations)*

*For Private Circulation among Cathedral members only*